**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**തിരുവനന്തപുരം**

വിഷയം:- ആരോഗ്യവകുപ്പ് – ജീവനക്കാര്യം - ഡോ. ഉണ്ണികൃഷ്ണൻ എസ് (പെൻ 159083) , അസിസ്റ്റന്റ് സർജൻ - പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. No. DMOH-KSD/3627/2024-A5 തീയതി. 22.11.2024

2. കാരണം കാണിക്കൽ നോട്ടീസ് നം. DHS/28524/2024/EA1 തീയതി 29.08.2025

3. GE04/E/U-10-169/717തീയതി 04.12.2024

**ഉത്തരവ് നം. DHS/28524/2024-EA1 തീയതി.12-12-2025**

ഡോ. ഉണ്ണികൃഷ്ണൻ എസ് (Dr Unnikrishnan S, PEN - 159083), 21.12.2012 ന് ആരോഗ്യ വകുപ്പിൽ സേവനത്തിൽ പ്രവേശിച്ച വ്യക്തിയാണ്. കാസർഗോഡ് ഉടുമ്പുന്തല കുടുംബാരോഗ്യകേന്ദ്രത്തിൽ അസിസ്റ്റന്റ് സർജൻ തസ്തികയിൽ സേവനത്തിലിരിക്കവെ 14.07.2016 മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുന്നു എന്ന് പരാമർശം (1) പ്രകാരം കാസർഗോഡ് ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിരുന്നു. ഇക്കാര്യം വിശദമായി പരിശോധിക്കുകയും ടിയാളുടെ വർക്ക് ആന്റ് കോണ്ടക്ക് (work and conduct) തൃപ്തികരമല്ലാത്തതിനാൽ പ്രൊബേഷൻ ടെർമിനേറ്റ് ചെയ്യാതിരിക്കുന്നതിന് കാരണമുണ്ടെങ്കിൽ ബോധിപ്പിക്കുന്നതിന് പരാമർശം (2) പ്രകാരം നോട്ടീസ് നൽകി. പ്രസ്തുത നോട്ടീസിനോട് ടിയാൾ പ്രതികരിച്ചിട്ടില്ല. ആരോഗ്യ വകുപ്പ് ഒരു അവശ്യസേവന വകുപ്പ് ആണ്. ഡോക്ടർമാർ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് ആശുപത്രിയുടെ സുഗമമായ പ്രവർത്തനങ്ങളെയും സർക്കാർ ആശുപത്രികളെ അശ്രയിക്കുന്ന പൊതു ജനങ്ങളെയും സാരമായി ബാധിക്കുന്നതാണ്. അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത്

അംഗീകരിക്കുവാൻ കഴിയുന്നതല്ല.

(2) ടി സാഹചര്യത്തിൽ 14.07.2016 തീയതി മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നതിലൂടെ പ്രൊബേഷണർ ആയ ഡോ. ഉണ്ണികൃഷ്ണൻ എസ്, അസിസ്റ്റന്റ് സർജന്റെ വർക്ക് ആന്റ് കോണ്ടക്റ്റ് തൃപ്തികരമല്ല എന്ന് വിലയിരുത്തുന്നു.

(3) ആയതിനാൽ 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് പാർട്ട് II ചട്ടം 19 (a) (ii) പ്രകാരം ഡോ. ഉണ്ണികൃഷ്ണൻ എസ് , അസിസ്റ്റന്റ് സർജന്റെ പ്രൊബേഷൻ അവസാനിപ്പിച്ച് ടിയാളെ സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

Signed by
Reena K J
Date: 12-12-2025 15:13:45

**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്,

Dr. Unnikrishnan S, Vishakham, Keerthinagar -2, Asramam, Kollam - 691002.

പകർപ്പ്,

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള,തിരുവനന്തപുരം.
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),കാസർഗോഡ്.
3. M.o i/c, FHC ഉടുമ്പുന്തല, കാസർഗോഡ്.

(ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം)

4. ഫയൽ